# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1583
### 04/10/2016-ൽ മറുപടി നൽകേണ്ടത്

**ക്ഷേമപെൻഷൻ കൈപ്പറ്റുന്നവർക്ക് സാമൂഹ്യ പെൻഷൻ**

**ചോദ്യം**
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**
ഡോ. ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | നിലവിൽ ക്ഷേമപെൻഷൻ കൈപ്പറ്റുന്ന 34 ലക്ഷം പേരിൽ പകുതിയോളം പേർക്ക് മറ്റൊരു സാമൂഹ്യ പെൻഷൻകൂടി നൽകാൻ മുൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നോ; | ഇല്ല |
| (ബി) | എങ്കിൽ ബജറ്റ് അവതരിപ്പിച്ചപ്പോൾ ഒരു പെൻഷൻ മാത്രമേ വാങ്ങാവൂ എന്ന് പറയുകയും പിന്നീട്, രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് പുതിയ നിരക്കിലുള്ള 1000 രൂപയും പഴയ നിരക്കിലെ 600 രൂപയും ഉൾപ്പെടെ 1600 രൂപ വാങ്ങുന്നതിന് അനുമതി നൽകുകയുംചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻകാർക്ക് ബാധകമായിട്ടുള്ളത് ഏത് ഉത്തരവാണ്; വ്യക്തമാക്കുമോ? | 15/08/2016 ലെ GO(Ms)No.324/2016/Fin ഉത്തരവ് പ്രകാരം നിലവിൽ രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് ഒരു പെൻഷൻ പുതുക്കിയ നിരക്കിലും രണ്ടാമത്തെ പെൻഷൻ പുതുക്കുന്നതിന് മുൻപുള്ള നിരക്കിലും കൈപ്പറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്ന ക്ഷേമ നിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കും വികലാംഗ പെൻഷൻ വാങ്ങുന്നവർക്കും ഒരു സാമൂഹ്യ സുരക്ഷാ പെൻഷനുകൂടി (ടി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാലപെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലൊന്നാണെങ്കിൽ അതിന്റെ കേന്ദ്രവിഹിതം മാത്രം) അർഹതയുണ്ടാവും എന്നും ഉത്തരവായിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷന്റെ സഹകരണത്തോടുകൂടി പെൻഷൻ ഡേറ്റാബേസ് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച ശേഷം, പെൻഷൻ വിതരണം ക്രമപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സർവ്വീസ് പെൻഷൻ വാങ്ങുന്നവർ പോലും സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹരായവരെ ഒഴിവാക്കുന്നതിനും പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനുമാണ് സർക്കാർ |

| | | |
|---|---|---|
| | | ശ്രമിക്കുന്നത്. സാമൂഹ്യ സുരക്ഷാപെൻഷനുകൾ 2016 മെയ് മാസം വരെ കുടിശ്ശികയായിരുന്നു. വിതരണം അവതാളത്തിലുമായിരുന്നു. ഇത് പരിഹരിക്കാനുള്ള തീവ്രശ്രമമാണ് ഓണക്കാലത്ത് സർക്കാർ നടത്തിയത്. പെൻഷൻ കുടിശ്ശിക ഏതാണ്ട് പൂർണ്ണമായും തീർത്തിട്ടുണ്ട്. ഇനി കൃത്യസമയത്ത് പെൻഷൻ വിതരണം നടത്തുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ലിസ്റ്റ് ക്രമപ്പെടുത്തി പെൻഷൻ വിതരണം കൃത്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ